## കേരള സർക്കാർ
## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.
## വിജ്ഞാപനം

നം.26163/ഇ 1/2014/തൊഴിൽ

തിരുവനന്തപുരം, 2016 ജൂൺ 10.
1191 ഇടവം 27.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2013 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ. (അച്ചടി) 112/2013/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2013 സെപ്റ്റംബർ 24-ാം തീയതിയിലെ 2751-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 759/2013 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ സംസ്ഥാനത്തെ ഓയിൽപാം (എണ്ണപ്പന) തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ നിരക്ക് പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഇത് പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലും ഉണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

പട്ടിക

## I. ദിവസശമ്പളം

| ജോലി | അടിസ്ഥാന ശമ്പളം (രൂപ) |
|---|---|
| (1) <u>സ്കിൽഡ് വിഭാഗം</u> | |
| (എ) ഹാർവെസ്റ്റിംഗ്, പ്രൂണിംഗ് നടത്തുന്ന ജോലികൾ | 512.00 |
| (ബി) പോളിനേഷൻ ജോലി | 512.00 |
| (2) <u>ഫാക്ടറി വിഭാഗം</u> | |
| ഫാക്ടറി ജോലികൾ | 512.00 |
| (3) <u>ജനറൽ വിഭാഗം</u> | |
| (1) സെമി സ്കിൽഡ്: | |
| കയറ്റിറക്ക് ജോലി | 480.00 |
| (2) അൺ സ്കിൽഡ്: | |
| കാട്ടുവെട്ട്<br>വളം ചുമട്<br>വളമിടൽ<br>മറ്റ് അനുബന്ധ ജോലികൾ | 447.00 |

## II. ക്ഷാമബത്ത

കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 1998 – 99= 100 എന്ന പുതിയ സീരീസിലെ ഉപഭോക്തൃ വില സൂചികയാണ് ക്ഷാമബത്ത കണക്കാക്കുന്നതിന് എടുക്കേണ്ടത്. ജനുവരി മുതൽ മാർച്ച് വരെയും ഏപ്രിൽ മുതൽ ജൂൺ വരെയും ജൂലൈ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ ഡിസംബർ വരെയും ഉള്ള ത്രൈ മാസങ്ങളിലാണ് ക്ഷാമബത്ത ക്രമീകരിക്കേണ്ടത്. കൊല്ലം ജില്ലയുടെ ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ഓരോ ത്രൈമാസത്തിലേയും ശരാശരി സൂചികയിൽ 250 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസേന 1.00 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്

## III. സർവ്വീസ് വെയിറ്റേജ്

തൊഴിലാളി ജോലി ചെയ്യുന്ന തൊഴിൽ സ്ഥാപനത്തിൽ അഥവാ തൊഴിലുടമയുടെ കീഴിൽ പൂർത്തിയാക്കിയ സേവന കാലയളവ് കണക്കിലെടുത്ത് താഴെ പറയുന്ന നിരക്കിൽ സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്.

| | | |
|---|---|---|
| 5 വർഷത്തിനു താഴെ | .. | ഇല്ല |
| 5 വർഷത്തിനു മുകളിൽ 10 വർഷം വരെ | .. | 2.60 രൂപ |
| 10 വർഷത്തിനു മുകളിൽ 15 വർഷം വരെ | .. | 5.85 രൂപ |
| 15 വർഷത്തിനു മുകളിൽ 20 വർഷം വരെ | .. | 7.80 രൂപ |
| 20 വർഷത്തിനു മുകളിൽ | .. | 10.40 രൂപ |

## IV. വർക്ക് ലോഡ്

(എ) <u>ഹാർവെസ്റ്റിംഗ്.-</u> ഒരു ശമ്പളത്തിന് ഹാർവെസ്റ്റ് ചെയ്യേണ്ട പനക്കുലകളുടെ അളവ് * സീസണിൽ 1250 കിലോഗ്രാമും അല്ലാത്ത സമയങ്ങളിൽ 625 കിലോഗ്രാമും ആയിരിക്കുന്നതാണ്.

* മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളാണ് പൊതുവെ സീസണായി പരിഗണിക്കുന്നത്.

(ബി) <u>പ്രൂണിംഗ്.-</u> ഒരു ശമ്പളത്തിന് പ്രൂൺ ചെയ്യേണ്ട പനകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 5 മുതൽ 9 വർഷം വരെ പ്രായമുള്ള പനകൾ | .. | 60 |
| 10 മുതൽ 15 വർഷം വരെ പ്രായമുള്ള പനകൾ | .. | 50 |
| 16 മുതൽ 20 വർഷം വരെ പ്രായമുള്ള പനകൾ | .. | 40 |
| 21 മുതൽ 25 വർഷം വരെ പ്രായമുള്ള പനകൾ | .. | 30 |
| 26 മുതൽ 30 വർഷം വരെ പ്രായമുള്ള പനകൾ | .. | 20 |
| 30 വർഷത്തിനു മുകളിൽ പ്രായമുള്ള പനകൾ | .. | 15 |

(സി) ലോഡിംഗ് - 1650 കിലോഗ്രാം

## V. ഉയർന്ന ആനുകൂല്യം നിലനിർത്തൽ

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിലും ശമ്പളത്തിലും ക്ഷാമബത്തയിലും നിന്ന് ഉയർന്ന അടിസ്ഥാന വേതനം, ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയോ മറ്റേതെങ്കിലും ആനുകൂല്യമോ തൊഴിൽ വിഭാഗത്തിന്/ തൊഴിലാളികൾക്ക് നൽകി വരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതന വ്യവസ്ഥയും ആനുകൂല്യവും തുടർന്നും നിലനിർത്തേണ്ടതാണ്.

## VI. മാസശമ്പളം

പട്ടികയിൽ ദിവസശമ്പളം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തൊഴിലാളിക്ക്/ തൊഴിലാളി വിഭാഗത്തിന് മാസശമ്പളം കണക്കാക്കേണ്ടി വരികയാണെങ്കിൽ ബന്ധപ്പെട്ട തൊഴിലാളി വിഭാഗത്തിന്റെ ദിവസശമ്പളത്തെ 26 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക ആയിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*<u>ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.</u>*

**GOVERNMENT OF KERALA**
**Labour and Skills (E) Department**
**NOTIFICATION**

No.26163/E1/2014/LBR. Dated, Thiruvananthapuram, 10th June, 2016.
27th Idavam, 1191.

The following proposal regarding the revision of minimum rates of wages, which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) and in supersession of the notification issued under G.O(P) No.112/2013/LBR dated 13th September, 2013 and published as S.R.O.No.759/2013 in the Kerala Gazette Extraordinary No. 2751 dated 24th September, 2013 payable to the employees engaged in the Oil-palm plantations in the State of Kerala as specified in the Schedule annexed hereto are published for the information of all persons likely to be affected thereby as required by clause (b) of sub- section (1) of Section 5 of the said Act.

Notice is hereby given that the proposal will be taken up for consideration after two months from the date of publication of this notification in the official Gazette and that objections and suggestions, if any, that may be received from any person with respect to the said proposals within the time limit specified above, will be considered by the Government. All objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram – 695 001.

# SCHEDULE

## I. Daily Wages

| Work | Basic Wages (Rupees) |
|---|---|
| (1) *Skilled Section:* | |
| (a) Harvesting | |
| Pruning | 512.00 |
| Carrying Works | |
| (b) Pollination Work | 512.00 |
| (2) *Factory Section:* | |
| Factory Works | 512.00 |
| (3) *General Section:* | |
| (1) Semi skilled: | |
| Loading and Unloading Works | 480.00 |
| (2) Un skilled | |
| Deforesting<br>Fertilizer loading<br>Applying manure<br>Other allied works | 447.00 |

## II. Dearness Allowance

The Consumer Price Index of the latest series 1998-99=100 published by Economic and Statistics Department of the Government of Kerala shall be considered for calculating Dearness Allowances. Dearness Allowance shall be regulated for the period consisting of tri-months from January to March, April to June, July to September and October to December. Dearness Allowance shall be paid at the rate of Re. 1 per point per day for increase over 250 points in the average index of each tri-months on the basis of the Consumer Price Index of Kollam District.

## III. Service weightage

Service weightage shall be given at the following rates considering the service period completed under an employer or in an employment institution where the employee is doing the work.

| | |
|---|---|
| Below 5 years | Nil |
| Above 5 years up to 10 years | ₹2.60 |
| Above 10 years up to 15 years | ₹5.85 |
| Above 15 years up to 20 years | ₹7.80 |
| Above 20 years | ₹10.40 |

## IV. Work Load

(a) *Harvesting.-* Quantity of palm fruit bunch to be harvested for one wage shall be 1250 kilograms in season* and 625 kilograms in non-

(b) *Pruning.-* The number of palms to be pruned for one wage shall be the following:-

| | | |
|---|---|---|
| 5 to 9 years old palms | .. | 60 |
| 10 to 15 years old palms | .. | 50 |
| 16 to 20 years old palms | .. | 40 |
| 21 to 25 years old palms | .. | 30 |
| 26 to 30 years old palms | .. | 20 |
| Above 30 years old palms | .. | 15 |

(c) *Loading .-* 1650 Kg.

## V. Retaining of higher benefits

Any other basic wages, wages, dearness allowance of benefits higher than the aforesaid basic wages, wages, dearness allowances are being given to the work section/employee, such provision for higher wages and the benefit shall continued to be retained.

## VI. Monthly Wages

If the monthly wages of any employee/employee section for whom daily wages have been fixed in the schedule, has to be calculated, then the amount shall be the daily wages of the respective section multiplied by 26.

By order of the Governor,
Tom Jose,
<u>*Additional Chief Secretary to Government.*</u>